**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4094** — **27-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനുമെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടേയും മയക്കമരുന്നുകളുടേയും വിൽപ്പനയും ഉപയോഗവും സ്വൈരജീവിതം തകർക്കുകയും അക്രമവും ആത്മഹത്യയും വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ആയത് തടയുവാൻ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | ലഹരി വസ്തുക്കളുടെയും മയക്കമരുന്നുകളുടെയും ഉപയോഗവും വിൽപ്പനയും തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ നൽകുന്ന രഹസ്യ വിവരങ്ങൾ അടിസ്ഥാനമാക്കി പട്രോളിംഗ്/സ്ട്രൈക്കിംഗ് ഫോഴ്സ്/ ഹൈവേ പട്രോൾ എന്നീ വിഭാഗങ്ങൾ ശക്തമായ പട്രോളിംഗും വാഹന പരിശോധനകളും നടത്തിവരുന്നു. മുൻകാല മയക്കമരുന്ന കേസുകളിലെ പ്രതികളെയും മയക്കമരുന്ന് ഉപയോഗത്തിന് പിടിക്കപ്പെട്ടിട്ടുള്ള വ്യക്തികളുടെയും പ്രവർത്തനം പ്രത്യേകം നിരീക്ഷിച്ച് വരുന്നു. കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് കുട്ടികളെ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, മൂന്ന് മേഖലാ സ്ക്വാഡുകളും നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ഇതിനായി പ്രവർത്തിക്കുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരി ഉപയോഗത്തിനെതിരെ വിവിധ മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്രത്തോളം ലഹരിവസ്തുക്കൾ എക്സൈസും മറ്റിതര വകുപ്പുകളും പിടിച്ചെടുത്തു; ആയതിന്റെ വിൽപനവില എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ള ലഹരി വസ്തുക്കളുടെ വിവരം അനുബന്ധം-1 ആയും, പോലീസ് പിടിച്ചെടുത്തവ അനുബന്ധം - 2 ആയും ചേർക്കുന്നു. നിയമം മൂലം നിരോധിക്കപ്പെട്ട വസ്തുക്കളായതിനാൽ വില്പന വില ലഭ്യമല്ല. |
| (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധത പഠനഭാഗമാക്കാനും യുവാക്കൾക്ക് തദ്ദേശ ഭരണ വകുപ്പുൾപ്പെടെയുള്ള മറ്റു സർക്കാർ വകുപ്പുകൾ വഴി ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്കും യുവാക്കൾക്കും പകർന്ന് നല്കി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ ഭാഗമായി നടത്തി വരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യ |

| | | | |
|---|---|---|---|
| | | | വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന പാഠഭാഗങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും, ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും ടി വിഷയം കുട്ടികളെ പഠിപ്പിക്കുന്നതിന് സാധിക്കുന്ന രീതിയിൽ ടൈം ടേബിൾ ക്രമീകരിക്കുന്നതിനും പൊതു വിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെന്റ് കമ്മറ്റി എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. വിദ്യാലയങ്ങൾ  ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി വിരുദ്ധ ബോധവത്ക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണ ക്ലാസ്സുകൾ, വിവിധ കലാ കായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ തുടങ്ങി വൈവിദ്ധ്യമാർന്ന ഒട്ടനവധി പരിപാടികൾ വിമുക്തി മിഷന്റെ ഭാഗമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ഇനം | അളവ് |
| --- | --- |
| കഞ്ചാവ് | 3250.293 കിലോഗ്രാം |
| കഞ്ചാവ് ചെടി | 696 എണ്ണം |
| ഹാഷിഷ് | 9.655 കിലോഗ്രാം |
| ഹെറോയിൻ | 38.980 ഗ്രാം |
| ബ്രൗൺഷുഗർ | 73.925 ഗ്രാം |
| എം.ഡി.എം.എ | 564.116 ഗ്രാം |
| എൽ.എസ്.ഡി. | 3.154 ഗ്രാം |
| കൊക്കയിൻ | 16.37 ഗ്രാം |
| ചരസ് | 4.928 കിലോ |
| നാർക്കോട്ടിക് ടാബ് ലറ്റ് | 4044 എണ്ണം |
| നാർക്കോട്ടിക് ഡ്രഗ് സ് | 88.69 ഗ്രാം |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| Sl. No | Item Name | 2020 | 2021 Upto 30/09/2021) |
|---|---|---|---|
| 1 | Ganja (Kg) | 2685.9461 | 2958.408 |
| 2 | Ganja Beedi / Cigeratte (Nos.) | 1275 | 1054 |
| 3 | Ganja Oil (ml) | 45 | 15 |
| 4 | Ganja Oil (gm) | 12 | 0.194 |
| 5 | Ganja Plant (nos.) | 103 | 15 |
| 6 | MDMA (gm) | 485.426 | 5275.793 |
| 7 | Nitrazepam (gm) | 216.051 | |
| 8 | Nitrazepam (nos) | 7 Strip & 251 Nos. | 217 |
| 9 | Nitrosum Tablet (gm.) | 110 | |
| 10 | Nitrosum Tablet (nos.) | 419 | 195 |
| 11 | Nitriosol tablet (Strip) | 4 | 0 |
| 12 | Qutipin Tablet (nos.) | 14 | 0 |
| 13 | Lorazepam Tab (nos.) | 0 | 19 |
| 14 | Diazepam | 1) 2 Amp(2 Ml)<br>2) 2 Maple, (3 Nos). | 1 Ample |
| 15 | Amphetamine Tab (gm) | 1.25 | 0 |
| 16 | Spasimo proxivan Tabs (nos) | 0 | 309 |
| 17 | Spasmo Proxyvon<br>Pyyvon Tablets (gm) | 73 | 0 |
| 18 | Clonazepam Tab (gm) | 0 | 2 |
| 19 | Hashish (gm) | 4138.59 | 5506.049 |
| 20 | Hashish Oil (ml) | 0.08 | 0 |
| 21 | Hashish Oil (gm) | 2030.83 | 2607.7606 |
| 22 | Heroin (gm) | 0.4 | 4.61 |
| 23 | Charas (gm) | 337.98 | 42 |
| 24 | Brown Sugar (gm) | 66.87 | 35.5 |
| 25 | Cocaine (mg) | 59.6 | 30 |
| 26 | Cannabis (gm) | 0 | 100 |
| 27 | Cannabis Plant (nos.) | 11 | 1 |
| 28 | LSD Stamp (gm) | 1.275 | |
| 29 | LSD Stamp (nos) | 57 | 814 |
| 30 | Triprolidine Hydrocloride Syrup (Botttle) | 21 | 0 |
| 31 | Legssic Buprenorphine (Amp) | 0 | 7 |
| 32 | Phenergan Promethazin Hydrocloride (Amp) | 0 | 6 |
| 33 | Peniramine Maleate (Amp) | 0 | 1 |
| 34 | Ecstasy Pills (gm) | 56.81 | 0 |
| 35 | Ecstasy Pills (nos) | 10 | |
| 36 | Ecstasy Powder (gm) | 1.66 | 0 |
| 37 | Ketamine (ml) | 900 | 0 |
| 38 | Hans (Pkt) | 33898 | 308684 |

| | | | |
|---|---|---|---|
| 39 | Panmasala (Pkt) | 61 | 19 Saks & 9054 Pkt |
| 40 | Mama Mitu (Pkt) | 12 | 0 |
| 41 | Coolip (Pkt) | 177 | 36 |
| 42 | Swagath Gold (Pkt) | 0 | 5 |
| 43 | Hanna Peera (Pkt) | 0 | 2 |
| 44 | IMFL (ltr.) | 12372.94 | 692.7 |
| 45 | Arrack (Ltr.) | 144 | 78.45 |
| 46 | Wash( Ltr.) | 3247.5 | 1061 |
| 47 | Spirit (Ltr.) | 2851 | 0 |
| 48 | Beer (Btl) | 0 | 28 |
| 49 | Methamphetamine (gm) | 21.44 | 0 |

സെക്ഷൻ ഓഫീസർ